# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.695** **12/06/2013 ൽ മറുപടിക്ക്**

## മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മാവൂരിലെ തെങ്ങിലക്കടവിൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിലേക്ക് വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് ലീസിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | മലബാർ കാൻസർ സെന്റർ പ്രവർത്തിക്കുന്നതിന് തന്നെ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ ഇത് ഏറ്റെടുക്കാനുള്ള പ്രയാസം അവർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | മാവൂർ കാൻസർ സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ നടപടി സ്വീകരിക്കുമോ ; | (സി)<br>(ഡി)<br>&<br>(ഇ) | മലബാർ കാൻസർ സെന്റർ ഇപ്പോഴും അതിന്റെ അടിസ്ഥാന വികസനത്തിന്റെ പാതയിലാണ്. ഈ സാഹചര്യത്തിലാണ് കോഴിക്കോട് മാവൂരിൽ പുതിയ ഒരു സെന്റർ ഏറ്റെടുക്കാൻ വൈമുഖ്യം കാണിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾത്തന്നെ കാൻസർ തുടർ ചികിത്സ നടന്നു വരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് പുറത്തായി പുതിയ ഒരു കാൻസർ വിഭാഗം ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. പുതിയ ഒരു കാൻസർ സെന്റർ ആരംഭിക്കുന്നതിന്റെ വൈഷമ്യങ്ങൾ ബഹു. എം. പി. യെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ എം.പി. ഇതു സംബന്ധിച്ച ഒരു യോഗം വിളിച്ചുകൂട്ടാൻ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | | |
| (ഇ) | എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | | |



സെക്ഷൻ ഓഫീസർ